പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3638

15.12.2014ലെ മറുപടിക്ക്

നവരത്ന പദ്ധതി ചെലവ്

ചോദ്യം		ഉത്തരം	
ശ്രീ. വി. ശശി :		ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)	
(എ)	സംസ്ഥാനത്ത് നടപ്പാക്കുന്ന നവരത്ന പദ്ധതികൾക്കായി ഓരോന്നിനും നാളിതുവരെ എത്ര തുകചെലവഴിച്ചുവെന്നും ഇത് ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ ;	(എ)	നവരത്ന പദ്ധതികൾ താഴെ പറയുന്നവയാണ്. 1. കൊച്ചി മെട്രോ 2. സ്മാർട്ട് സിറ്റി 3. വിഴിഞ്ഞം തുറമുഖം 4. കണ്ണൂർ വിമാനത്താവളം 5. ദേശീയ ജലപാതകൾ 6. തിരുവന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതി 7. സബ് അർബൻ റെയിൽവെ 8. ദേശീയപാത വികസന പദ്ധതി 9 യുവജന സംരംഭകത്വം ഇവയിൽ തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സബ് അർബൻ റെയിൽവെ, ദേശീയ പാതാ വികസനം, യൂത്ത് എന്റർപ്രണർഷിപ്പ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതിയിൽ 246 ഏക്കർ ഭൂമി ടീകോമിന് സംസ്ഥാന വിഹിതമായി കൈമാറിയിട്ടുണ്ട്. കൊച്ചി മെട്രോ പദ്ധതിയ്ക്ക് 11/14 വരെ 231.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ണൂർ	

വിമാനത്താവളത്തിനായി ഇതുവരെ 49.13 കോടി രൂപ ഭൂമിക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമായി ചെലവാക്കിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്കായി ഭൂമിയ്ക്കും അടിസ്ഥാന സൗകര്യങ്ങൾക്കും കൺസൾട്ടൻസി പദ്ധതി പഠനം എന്നിവയ്ക്കുമായി 627.96 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികൾക്കായി ആകെ നീക്കിവെച്ചിട്ടുള്ള തുക എത്രയെന്നും അതിൽ ചെലവഴിക്കാൻ ബാക്കിയെത്രയെന്നും പദ്ധതിതിരിച്ച് വിവരം നൽകാമോ; (ബി)

(സി) ചെലവഴിക്കാനായി തുക മിച്ചം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ? (സി)

വിവരം ശേഖരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ